# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1242 01.07.15 ൽ – മറുപടിക്ക്

## റേഷൻകാർഡ് വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എൻ. എ. നെല്ലിക്കുന്ന് : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | പുതിയ റേഷൻ കാർഡ് എപ്പോഴാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ 01.09.2015-ന് പുതിയ കാർഡുകൾ വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കേരളത്തിൽ ഇപ്പോൾ എത്ര എ.പി. എൽ., ബി.പി.എൽ. കുടുംബങ്ങൾ ഉണ്ട്; പുതിയ റേഷൻകാർഡ് വിതരണം ചെയ്യുന്നതോടെ ഈ കണക്കുകളിൽ ഉണ്ടാകാൻ പോകുന്ന മാറ്റം എന്താണ് ; വിശദമാക്കുമോ; | (ബി) | കേരളത്തിൽ നിലവിൽ 62,57,813 എ.പി.എൽ. വിഭാഗത്തിലുള്ള കുടുംബങ്ങൾക്കും, 20,63,941 ബി.പി.എൽ./എ.എ.വൈ. വിഭാഗത്തിലുള്ള കുടുംബങ്ങൾക്കും റേഷൻ കാർഡ് നൽകിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ച് പുതിയ കാർഡുകൾ നിലവിൽ വരുമ്പോൾ ഏകദേശം 31,60,000 മുൻഗണനാ കുടുംബങ്ങളും 51,61,754 കുടുംബങ്ങൾ ജനറൽ വിഭാഗത്തിൽ പെടുന്നതുമായി വരുന്നു. |
| (സി) | കാസർഗോഡ് ജില്ലയിൽ നിലവിലുള്ള റേഷൻ കാർഡുകളിൽ ആദ്യം കന്നടയും രണ്ടാമത് മലയാളവുമാണ് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ പുതിയ റേഷൻ കാർഡിൽ മലയാളത്തിന് പ്രഥമസ്ഥാനം നൽകാൻ നടപടി സ്വീകരിയ്ക്കുമോ ? | (സി) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ